**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 114** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എൻ. കെ. അക്ബർ | ശ്രീ. പി. സി. വിഷ്ണുനാഥ് |
| ശ്രീ. വി. കെ. സനോജ് | (വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി) |
| ശ്രീ. ടി. എം. ശശി | |
| ശ്രീ. കെ. പ്രേംകുമാർ | |

**(എ)** സംസ്ഥാനത്തേക്കുള്ള വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനത്തിൽ കുറവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2024-25 വർഷത്തിൽ ആഭ്യന്തര-വിദേശ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** **സംസ്ഥാനത്ത്** വിദേശ-ആഭ്യന്തര വിനോദ സഞ്ചാര സന്ദർശനങ്ങളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല.

2024, 2025 വർഷത്തിലെ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ബി)** സുരക്ഷാ പ്രശ്നങ്ങളും മാലിന്യ സംസ്കരണത്തിലെ വീഴ്ചകളും ഇതിന് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ബാധകമല്ല

**(സി)** വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ-മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലം ഉണ്ടാകാനിടയുള്ള പ്രതിസന്ധികളെന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സുരക്ഷാ മാലിന്യ പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് ജീവനക്കാർ അടക്കമുള്ളവരുടെ വിഷയത്തിൽ നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

**(ഡി)** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനും തകർന്ന റോഡുകൾ, വഴിവിളക്കുകൾ, ശുചിമുറികൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിനുമായി വകുപ്പ് എന്ത് പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u> വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് മികച്ച റോഡുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ശുചിമുറി സൗകര്യം എന്നിവ ഉറപ്പാക്കുന്നതിന് മുൻഗണന നൽകുന്ന വിവിധ പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്.**

**വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷി, വയോജന സൗഹൃദവും, സ്ത്രീ സൗഹൃദവുമാക്കുന്ന തരത്തിലാണ് പദ്ധതികളുടെ ഘടനകൾ വിഭാവനം ചെയ്യുന്നത്. വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികളിലും ഈ ഘടകങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്.**

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## 2024, 2025 വർഷത്തിലെ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനത്തിന്റെ വിശദാംശം

| വർഷം | ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാനം (%) | വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാനം (%) | ആകെ | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാനം (%) |
|---|---|---|---|---|---|---|
| 2024 | 2,22,46,989 | 1.72 | 7,38,374 | 13.76 | 2,29,85,363 | 2.06 |
| 2025 | 2,50,58,366 | 12.64 | 8,21,999 | 11.33 | 2,58,80,365 | 12.59 |